**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2677** **24-06-2024 - ൽ മറുപടിയ്ക്ക്**

**നഷ്ടപരിഹാരം അനുവദിക്കണമെന്നാവശ്യപ്പെട്ട് കോട്ടക്കൽ ശ്രീ അബ്ദുള്ള സമർപ്പിച്ച അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വിച്ഛേദിക്കുന്നത് സംബന്ധിച്ച് യാതൊരു മുന്നറിയിപ്പും നൽകാതിരുന്നത് കാരണം ഊഷ്മാവിൽ വ്യതിയാനം ഉണ്ടായി പൗൾടി ഫാമിലെ വളർച്ചയെത്തിയ കോഴികൾ ചത്തതിനുള്ള നഷ്ടപരിഹാരം അനുവദിക്കണമെന്നാവശ്യപ്പെട്ട് കോട്ടക്കൽ ശ്രീ അബ്ദുള്ള, ഉടിമ്മൽ, മേച്ചേരിപ്പറമ്പ്, ഇരിമ്പിളിയം, മലപ്പുറം എന്നയാൾ സമർപ്പിച്ച അപേക്ഷയിൻമേൽ കെ. എസ്. ഇ. ബി. സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | വൈദ്യുതി വിച്ഛേദിക്കുന്നതു സംബന്ധിച്ച് യാതൊരു മുന്നറിയിപ്പും നൽകാതിരുന്നത് കാരണം ഊഷ്മാവിൽ വ്യതിയാനം ഉണ്ടായി പൗൾട്ടറി ഫാമിലെ വളർച്ചയെത്തിയ കോഴികൾ ചത്തതിന് നഷ്ടപരിഹാരം അനുവദിക്കണമെന്നാവശ്യപെട്ട കോട്ടക്കൽ ശ്രീ അബ്ദുല്ല, ഉടിമ്മൽ, മേച്ചേരിപ്പറമ്പ്, ഇരിമ്പിളിയം, മലപ്പുറം എന്നയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ കെ.എസ്.ഇ.ബി സ്വീകരിച്ച നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>പൊന്നാനി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തിയതിൽ നിന്നും പ്രസ്തുത സ്ഥലത്തെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി ദ്യുതി-2 പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ ഭാഗമായാണ് വേലിക്കുളം ട്രാൻസ്ഫോർമറിൽ നിന്നുള്ള ഒരു ബ്രാഞ്ചിൽ, നമ്പർ MV -25/16/2 എന്ന പോസ്റ്റിൽ ഇരിക്കുന്ന ബ്രാഞ്ച് ഫ്യൂസ് 21/04/2024 ന് പകൽ 11 മണിയോട്ടു കൂടി ഊരുകയും വൈകിട്ട് 3 മണിയോട്ടു കൂടി സപ്ലൈ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുള്ളതാണ്. നിലവിലുള്ള സംവിധാനം പ്രകാരം ട്രാൻസ്ഫോർമർ മുഴുവനായി ഓഫ് ചെയ്യുകയാണെങ്കിൽ മാത്രമേ OMS മുഖേന ഉപഭോക്താവിന്റെ ഫോണിലേക്ക് SMS അയക്കാൻ സാധിക്കുകയുള്ളൂ. അന്വേഷണം നടത്തിയതിൽ നിന്നും പരാതിയിൽ പരാമർശിക്കുന്ന ദിവസത്തിന് മുൻപും, അതിന് ശേഷവും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തിയുടെ ഭാഗമായി പ്രസ്തുത പ്രദേശത്തു സപ്ലൈ ഓഫ് ചെയ്യുകയുണ്ടായിട്ടുണ്ട്. മാത്രമല്ല പരാതിക്കാരൻ വളാഞ്ചേരി സെക്ഷനോഫീസിൽ സമർപ്പിച്ച പരാതിയോട്ടുകൂടെയുള്ള പോസ്ററ് മോർട്ടം റിപ്പോർട്ടിൽ കോഴികളുടെ മരണ കാരണം ചൂട് കൂടിയത് കൊണ്ടാണ് എന്നും വ്യക്തമാണ്. പരാതിയിൽ പരാമർശിക്കുന്ന കോഴികളുടെ മരണ |

| | | | |
|---|---|---|---|
| | | | കാരണവുമായി കെ.എസ്.ഇ.ബി.എൽ-ന്റെ ലിമിറ്റഡിന് യാതൊരു ബന്ധവും ഇല്ലെന്ന് പരാതിക്കാരന് മറുപടി നൽകിയിട്ടുള്ളതാണ്. ആയതിനാൽ കെ.എസ്.ഇ.ബി.എൽ. -ന്റെ ഭാഗത്തുനിന്നും നഷ്ടപരിഹാരം നൽകുവാൻ നടപടിയൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ